"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - 2026-27 അധ്യയന വർഷത്തിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ സ്കൂളുകളിൽ താൽക്കാലിക ഹയർസെക്കന്ററി അധിക ബാച്ചുകൾ അനുവദിച്ച് കൊണ്ടുള്ള ഉത്തരവ് - ഭേദഗതി വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെആർ) വകുപ്പ്**

സ.ഉ.(സാധാ) നം.5084/2026/GEDN  തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:- 1. 22/07/2026 ലെ സ.ഉ. (കൈ) നം. 126/2026/പൊ.വി.വ.

2. 24/07/2026 ലെ സ.ഉ. (കൈ) നം. 127/2026/പൊ.വി.വ.

3. തൃക്കരിപ്പൂർ വി.പി.പി.എം.കെ.പി.എസ്. ജി.എച്ച്.എസ്.എസ്. പി.ടി.എ പ്രസിഡന്റ് സമർപ്പിച്ച 25/07/2026 ലെ നിവേദനം.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 2026-27 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിൽ കുറവുള്ള സീറ്റുകൾ കണക്കിലെടുത്ത് പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലെ സ്കൂളുകളിൽ താൽക്കാലിക ഹയർസെക്കന്ററി അധിക ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മേൽ ഉത്തരവിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ചില ഭേദഗതികൾ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. വി.പി.പി.എം.കെ.പി.എസ്. ജി.എച്ച്.എസ്.എസ്. തൃക്കരിപ്പൂർ (സ്കൂൾ കോഡ്: 14104) സ്കൂളിനായി പി.ടി.എ. ആവശ്യപ്പെട്ടത് കോഴ്സ് കോഡ് 16 (ഹ്യൂമാനിറ്റീസ്) ബാച്ചാണ് എന്നും, പരാമർശം (1) പ്രകാരം നിലവിൽ സ്കൂളിന് അനുവദിച്ചിരിക്കുന്നത് (ക്രമ നം. 113) കോഴ്സ് കോഡ് 11 (ഹ്യൂമാനിറ്റീസ്) ബാച്ചാണ് എന്നും, ആയതിനാൽ, സ്കൂളിന്റെ ആവശ്യകതയും പി.ടി.എ.യുടെ അഭ്യർത്ഥനയും പരിഗണിച്ച്, നിലവിൽ അനുവദിച്ച കോഴ്സ് കോഡ് 11 (ഹ്യൂമാനിറ്റീസ്) ബാച്ചിന് പകരം കോഴ്സ് കോഡ് 16 (ഹ്യൂമാനിറ്റീസ്) ബാച്ച് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1)

ഉത്തരവ് താഴെപറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **ഉത്തരവിലെ ക്രമ നം.** | **സ്കൂൾ** | **സ്കൂൾ കോഡ്** | **വിഭാഗം** | **ആവശ്യപ്പെട്ട അധിക ബാച്ച്** |
|---|---|---|---|---|
| 113 | VPP MKPS Govt HSS തൃക്കരിപ്പൂർ കാസർഗോഡ് | 14104 | GOVT | ഹ്യുമാനിറ്റീസ് (16)-1 |

4. പരാമർശം (1) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
മേഖല ഉപമേധാവി, ഹയർ സെക്കന്ററി വിദ്യാഭ്യാസം, കണ്ണൂർ
പ്രിൻസിപ്പാൾ, വി.പി.പി.എം.കെ.പി.എസ്. ജി.എച്ച്.എസ്.എസ്. തൃക്കരിപ്പൂർ, കാസർഗോഡ്.
സി.ഇ.ഒ., കൈറ്റ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Digitally signed by Johndas D
Date: 30-07-2026 11:37:15
സെക്ഷൻ ഓഫീസർ